# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6115**

**10-07-2012 ൽ മറുപടിയ്ക്ക്**

## രാഷ്ട്രീയ കൃഷി വികാസ് യോജന

**ചോദ്യം**

ശ്രീ.ചിറ്റയം ഗോപകുമാർ

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിവരിക്കാമോ;

(എ) കാർഷിക അനുബന്ധ മേഖലകളിൽ 4% വളർച്ചാ നിരക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് രാഷ്ട്രീയ കൃഷി വികാസ് യോജന. ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

1. കൃഷിയും അനുബന്ധ മേഖലകളിലേയും പൊതു മൂലധന നിക്ഷേപം വർദ്ധിപ്പിക്കുക.
2. സംസ്ഥാന കാർഷിക പദ്ധതികളിൽ പ്രാദേശിക ആവശ്യകത/വിള/മുൻഗണനകൾ എന്നിവ ഫലപ്രദമായി പ്രതിഫലിക്കുന്നത് ഉറപ്പു വരുത്തുക.
3. പ്രധാന വിളകളുടെ ഉല്പാദനക്കുറവ് പരിഹരിക്കുന്നതിനു വേണ്ടിയുള്ള ലക്ഷ്യം കൈവരിക്കൽ.
4. കൃഷിയും അനുബന്ധ മേഖലകളിലേയും കർഷകർക്ക് പരമാവധി വരുമാനം ഉറപ്പാക്കുക.
5. കൃഷിയും അനുബന്ധ മേഖലകളിലും ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലും വർദ്ധനവ് ഉറപ്പ് വരുത്തുക.
6. ജില്ലാ കാർഷിക പദ്ധതിയും സംസ്ഥാന കാർഷിക പദ്ധതിയും പ്രകൃതി വിഭവങ്ങളുടെ ലഭ്യത സാങ്കേതിക വിദ്യയുടെ ലഭ്യത എന്നിവയ്ക്ക് അനുസൃതമായി തയ്യാറാക്കുക.

| | | | |
|---|---|---|---|
| (ബി) | ഈ സാമ്പത്തിക വർഷം ഈ പദ്ധതി പ്രകാരം സംസ്ഥാനത്തിന് അനുവദിക്കപ്പെട്ട തുക എത്രയാണ്; | (ബി) | ഈ സാമ്പത്തിക വർഷം സംസ്ഥാനത്തിന് 249.76 കോടി രൂപയാണ് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത്. ഇതിൽ 31.22 കോടി ആദ്യ ഘട്ടമായി റിലീസ് ചെയ്തിട്ടുണ്ട്. |
| (സി) | കാർഷിക മേഖലയിൽ നിലവിൽ സംസ്ഥാനത്ത് ഇതര കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ? | (സി) | കാർഷിക മേഖലയിൽ 2012-13 ൽ കൃഷി വകുപ്പിലൂടെ നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. ടി X ഡി സങ്കരയിനം തെങ്ങിൻതൈകളുടെ ഉല്പാദനം.<br>2. പ്രാദേശിക തെങ്ങ് നഴ്സറികളുടെ സ്ഥാപനം.<br>3. നാളീകേര വികസന ബോർഡിന്റെ സംയോജിത കേര പരിപാലനം.<br>4. മാക്രോ മാനേജ്മെന്റ് മുഖാന്തിരമുള്ള<br>(i) നെൽകൃഷി വികസനം<br>(ii) കാർഷിക യന്ത്രവൽക്കരണം<br>(iii) നീർത്തടാധിഷ്ഠിത വികസനം<br>5. ആത്മ പദ്ധതി<br>6. സൂക്ഷ്മ ജലസേചനം<br>7. ഭക്ഷ്യസുരക്ഷാ ദേശീയ പദ്ധതി<br>8. ദേശീയ ജൈവ വാതക പ്ലാന്റുകളുടെ സ്ഥാപനത്തിനുള്ള പദ്ധതി<br>9. കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കൽ<br>10. വിള സംസ്കരണ സാങ്കേതിക വിദ്യാ വ്യാപനം. |

സെക്ഷൻ ഓഫീസർ